പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 61** **12-10-2026-ൽ മറുപടിയ്ക്ക്**

**കെ-റെയിൽ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. നീലകണ്ഠൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** മുൻസർക്കാരിന്റെ കാലത്ത് കെ-റെയിലുമായി ബന്ധപ്പെട്ട് നടത്തിയിരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

**മറുപടി:** സിൽവർലൈൻ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കൽ, നിലമ്പൂർ നഞ്ചൻഗഡ്, തലശ്ശേരി മൈസൂരു എന്നീ പുതിയ ബ്രോഡ് ഗേജ് റെയിൽ പാതകളുടെ ആസൂത്രണം, അങ്കമാലി - എരുമേലി പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കൽ എന്നിവ കേരള റെയിൽ ഡെവലപ്മെന്റ് കോർപറേഷൻ നടപ്പാക്കിയ പദ്ധതികളാണ്. ഇതു കൂടാതെ കേരള പൊതുമരാമത്ത് വകുപ്പിന്റെ ശുപാർശ പ്രകാരം 66 റോഡ് ഓവർ ബ്രിഡ്ജുകൾ (ROB) അഥവാ റോഡ് അണ്ടർ ബ്രിഡ്ജുകൾ (RUB) സിംഗിൾ എന്റിറ്റി പ്രകാരം നിർവഹിക്കുന്നതിനായുള്ള ഏക ഏജൻസിയായി KRDCL നെ റെയിൽവേ മന്ത്രാലയം ചുമതലപ്പെടുത്തി. ആദ്യഘട്ടത്തിൽ KRDCL നടത്തിയ ഫലപ്രദമായ ഇടപെടലുകളുടെ ഫലമായി 23 പദ്ധതികൾ പൂർണ്ണമായും റെയിൽവേ ഫണ്ടിൽ (100% Railway Funding)) ഉൾപ്പെടുത്തി. ഇതുകൂടാതെ 39 പുതിയ ROB പദ്ധതികളും 100% റെയിൽവേ ഫണ്ടിൽ അനുവദിക്കാൻ സാധിച്ചു.

**(ബി)** പ്രസ്തുത പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിച്ച ആകെ തുക എത്രയാണെന്ന് വിശദമാക്കാമോ;

**മറുപടി:** ആഡിറ്റഡ് ഫിനാൻഷ്യൽസ് 2024-25 പ്രകാരം പ്രസ്തുത പ്രവർത്തനങ്ങൾക്കായി ആകെ 73.49 കോടി രൂപ ചിലവായിട്ടുണ്ട്.

**(സി)** കെ-റെയിലുമായി ബന്ധപ്പെട്ട് എടുത്ത കേസുകളിൽ ക്രിമിനൽ കേസുകൾ ഒഴികെയുള്ള കേസുകൾ പിൻവലിക്കാൻ ആഭ്യന്തര വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ?

**മറുപടി:** സിൽവർ ലൈൻ സമരവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ/ പൊലീസ് സ്റ്റേഷനുകളിൽ നിലനിൽക്കുന്ന കേസുകൾ പിൻവലിക്കുന്നതിന് സർക്കാർ തീരുമാനം എടുക്കുകയും അത് പ്രകാരം ആഭ്യന്തര വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**